എല്ലാ ഒരുക്കങ്ങളും പൂർത്തിയായിക്കഴിഞ്ഞ് ഈ നിസാര കാരണം പറഞ്ഞാണ് മാറ്റിവച്ചത്. കളക്ടർക്ക് ആ സ്ഥലം അക്വയർ ചെയ്യാൻ പറഞ്ഞുള്ള ഓർഡർ കൊടുത്തെങ്കിലും യാതൊരു നടപടിയും അതേക്കുറിച്ച് ഉണ്ടായില്ല. ബഹുമാനപ്പെട്ട മന്ത്രി ആ സബ് സ്റ്റേഷന്റെ പണി തുടങ്ങുന്നതിനെക്കുറിച്ച് ഒരു ഉറപ്പ് നൽകുകയും കാലതാമസം ഉണ്ടാകുന്നതിനുള്ള സാഹചര്യം നീക്കം ചെയ്യാനായിട്ട് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, എരുമേലിയിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് റാന്നി 110 കെ.വി. സ്റ്റേഷനിൽ നിന്നും എരുമേലിവരെ ഒരു ലൈൻ നിർമ്മിക്കേണ്ടതുണ്ട്. ഈ ലൈനിന്റെ നിർമ്മാണം സ്ഥലം ഉടമകളുടെ എതിർപ്പുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. എതിർപ്പൊഴിവാക്കി ലൈൻ നിർമ്മാണം ആരംഭിക്കുന്നതിന് അവിടെ ഒരു മീറ്റിംഗ് വിളിച്ചു കൂട്ടിയിരുന്നെങ്കിലും ഒരു തീരുമാനത്തിലെത്തിച്ചേരാൻ കഴിഞ്ഞില്ല ; വിഷയം ജില്ലാ കളക്ടർക്കു സമർപ്പിച്ചു. പ്രശ്നം ഇല്ലാത്ത ഭാഗത്ത് ലൈൻ ജോലി ഉടനെ ആരംഭിക്കുന്നതിനും, സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി എരുമേലി വില്ലേജിൽ സർവ്വേ നമ്പർ 272/2-ൽ ഉള്ള 2.78 ഏക്കർ ഭൂമി ഏറ്റെടുക്കാനും ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. ജില്ലാകളക്ടർ ചെയർമാനായിട്ടുള്ള നെഗോഷിയേറ്റ് പർച്ചേസ് കമ്മിറ്റി സ്ഥലത്തിന്റെ വില നിശ്ചയിച്ചുവെങ്കിലും ഉടമസ്ഥാവകാശം തെളിയിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് കളക്ടർ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ അർജൻസി ക്ലോസ് ഉപയോഗിച്ച് സ്ഥലം ഏറ്റെടുക്കാൻ ഉള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റിനോട് നിർദ്ദേശിച്ചിട്ടുണ്ട്. നടപടി പൂർത്തിയായി സ്ഥലം കൈമാറ്റം നടന്നാൽ ഉടൻതന്നെ സബ് സ്റ്റേഷന്റെ പണി ആരംഭിക്കാവുന്നതാണ്. കളക്ടർ അങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. അതിൽ മാറ്റം വരുത്തുന്ന പ്രശ്നമില്ല. പക്ഷേ ഉടമസ്ഥാവകാശം നിർണ്ണയിക്കുന്ന സർട്ടിഫിക്കറ്റ് പ്രധാനമാണ്. അല്ലെങ്കിൽ കോടതിയിൽ കേസ് വന്നാൽ പ്രയാസമാകും. പിന്നെ എന്താണ് പോംവഴിയെന്നുള്ളത് ഒന്നുകൂടി ഡിസ്കസ് ചെയ്തിട്ട് ത്വരിതപ്പെടുത്തുന്നതിനുവേണ്ട ശ്രമം നടത്താം.

(18) ഉൾനാടൻ മത്സ്യത്തൊഴിലാളികളെ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, കേരളത്തിൽ രണ്ട് ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികളിൽ ഏകദേശം അരലക്ഷത്തോളം വരുന്നത് ഉൾനാടൻ മത്സ്യത്തൊഴിലാളികളാണ്. അവിടെയുള്ള തൊഴിലാളികൾക്ക് പഞ്ച മാസങ്ങളിൽ കൊടുക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയുണ്ട്. ആ പദ്ധതിയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തണം എന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. നിരവധി വർഷമായിട്ടുള്ള ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഒരു ആവശ്യമാണിത്. അതുകൊണ്ട് ഈ സമാശ്വാസ പദ്ധതിയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളെകൂടി ഉൾപ്പെടുത്തി പഞ്ച മാസങ്ങളിൽ അവരുടെ ദുരിതങ്ങൾക്ക് ആശ്വാസം നൽകുവാൻ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, മത്സ്യത്തൊഴിലാളികൾക്ക് നൽകിവന്നിരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി 1-4-1996 മുതൽ നിർത്തലാക്കിയിരിക്കുകയായിരുന്നു. ഇതു പുനഃസ്ഥാപിച്ച് കിട്ടാനും ഉൾനാടൻ മത്സ്യത്തൊഴിലാളികളെയും സ്ത്രീകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താനും ഈ ഗവൺമെന്റ് നിരന്തരമായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ആദ്യം കടൽ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യസമാശ്വാസ പദ്ധതി തുടർന്ന് നടത്താൻ അനുമതി ലഭിച്ചു. എന്നാൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളെയും സ്ത്രീകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ അവർ അനുവദിച്ചിരുന്നില്ല. നിരന്തരമായി കേന്ദ്രത്തിൽ നടത്തിയ സമ്മർദ്ദത്തിന്റെ ഫലമായി ഇപ്പോൾ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും സമ്പാദ്യ സമാശ്വാസ പദ്ധതി ഏർപ്പെടുത്താൻ കേന്ദ്രത്തിൽനിന്നും അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 9-2-2001-ലെ ജി.ഒ.(എം.എസ്.) 4/2001/എഫ്.എസ്/പി.ഡി. നമ്പർ ഉത്തരവു പ്രകാരം 2001 ജനുവരി ഒന്നു മുതൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും സമ്പാദ്യ ആശ്വാസ പദ്ധതി ഏർപ്പെടുത്തി കഴിഞ്ഞു. ഈ പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം ഈ മാസം 9-ാം തീയതി ആലപ്പുഴയിലെ ആര്യാട് വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(19) ആലപ്പുഴയിലെ കനാലുകളുടെ നവീകരണം

ശ്രീ. കെ. സി വേണുഗോപാൽ : സർ, കഴിഞ്ഞ നാലരവർഷമായി നിരന്തരം ഉന്നയിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ് ഞാൻ വീണ്ടും ഇവിടെ പറയുന്നത്. ആലപ്പുഴ ജില്ലയിലെ കനാലുകളുടെ നവീകരണ പ്രശ്നമാണ്. ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി രണ്ടുമൂന്നു പ്രാവശ്യം ഇതു സംബന്ധിച്ച കോൺഫറൻസ് വിളിച്ചുകൂട്ടി ഒരു പദ്ധതി തയ്യാറാക്കുവാൻ തീരുമാനം എടുത്തു. ഇതുവരെയായി അതിന്റെ പൂർണ്ണമായ രൂപം നൽകാൻ കഴിഞ്ഞിട്ടില്ല. ഈ കനാലുകൾ മുഴുവൻ പോള നിറഞ്ഞ് വൃത്തിഹീനമായി, മാലിന്യങ്ങൾ മുഴുവൻ അവിടെ ഡംപ് ചെയ്ത് അവസാനം സാംക്രമിക രോഗം പടരുന്ന ഒരു വേദിയാക്കി മാറിയിരിക്കുകയാണ്. ഈ കാര്യത്തിൽ കഴിഞ്ഞ കുറച്ച് നാളുകളായി എം.പി., എം.എൽ.എ. അടക്കമുള്ളവരുടെ കോൺഫറൻസ് വിളിച്ചുകൂട്ടി യോഗതീരുമാനങ്ങൾ നടപ്പിലാക്കുവാൻ ഗവൺമെന്റ് യാതൊരു താല്പര്യവും കാണിക്കുന്നില്ല. ഈ കാര്യത്തിൽ അടിയന്തിരമായി തീരുമാനം എടുക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനും വേണ്ടി 22.51 കോടി രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ട് റിപ്പോർട്ട് ജലസേചന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ 12-4-2000-ൽ എന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും അഭിപ്രായംകൂടി ക്രോഡീകരിച്ചുകൊണ്ട് സമഗ്രമായ ഒരു റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly